**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1636 14.07.2016-ൽ മറുപടിയ്ക്ക്**

## സ്പോർട്സ് ക്വാട്ടാ നിയമനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി.തോമസ്** | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി)** |
| (എ) ഏതെല്ലാം കായിക ഇനങ്ങളിൽ ഉന്നത വിജയം കൈവരിച്ചവർക്കാണ് സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിംപിക്സ്, ലോക കപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺ വെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രിതിനിധാനം ചെയ്ത ടീമിലെ അംഗമായിരിയ്ക്കുകയും, വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളാകുകയും ചെയ്തവർ, രാജ്യത്തെ പ്രതിനിധാനം ചെയ്ത് മുകളിൽ പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ, 2010-14 വർഷങ്ങളിലേയ്ക്ക് സ്പോർട്സ് ക്വാട്ടാ നിയമനപദ്ധതി മുഖേന നികത്തപ്പെട്ട 249 ഒഴിവുകളിലേയ്ക്ക് പുറപ്പെടുവിച്ച 2015 ഡിസംബർ 7-ലെ 14652/എസ്.ഡി1/2015/പൊ.ഭ.വ. നമ്പർ വിജ്ഞാപനത്തിലെ (അനുബന്ധം (1) ആയി ചേർക്കുന്നു) അനുബന്ധം -II -ൽ ചേർത്തിട്ടുള്ള സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായികയിനങ്ങളിൽ പങ്കെടുത്ത് ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളായ കേരള സംസ്ഥാന ടീമിലെ അംഗങ്ങൾ (കായിക വിനോദങ്ങളും കളികളും സംബന്ധിച്ച് ഒളിംപിക്സ്/ഏഷ്യൻ ഗെയിംസ് ഇനങ്ങളും അനുബന്ധം 2-ൽ പറഞ്ഞിരിക്കുന്നവയും മാത്രമേ ഉദ്യോഗനിയമനത്തിന് പരിഗണിക്കുകയുള്ളൂ) എന്നീ വിഭാഗങ്ങളിലെയും കായിക ഇനങ്ങളെയാണ് സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി പരിഗണിക്കുന്നത്. |
| (ബി) ഓരോ കായിക ഇനങ്ങളിലും നിശ്ചിത ശതമാനം സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ; | (ബി) & (സി) ഓരോ കായിക ഇനങ്ങൾക്കായി പ്രത്യേകം ഒഴിവുകൾ സംവരണം ചെയ്തിട്ടില്ല. കായികരംഗത്തെ നേട്ടങ്ങളുടെ മാത്രം അടിസ്ഥാനത്തിലാണ് ഒഴിവുകൾ സംവരണം ചെയ്തിരിക്കുന്നത്. |
| (സി) ഇപ്രകാരം നിശ്ചയിച്ചിട്ടുള്ള സംവരണതോത് പാലിച്ച് നിയമനം നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ ; | |

| | | | |
|---|---|---|---|
| (ഡി) | സ്പോർട്സ് ക്വാട്ടയിൽ ഉൾപ്പെട്ടിട്ടില്ലാത്ത കായിക ഇനങ്ങളെ കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

Manoj M

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്